(ബി) പൊതുമേഖലാ സ്ഥാപനങ്ങളിൽ ആവശ്യത്തിലധികം ജീവനക്കാരെ നിയമിക്കുന്നതും നിയമനങ്ങളിൽ ചട്ടവും നിയമവും പാലിക്കാതിരിക്കുന്നതും അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) സ്ഥാപനങ്ങളുടെ ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്ന തരത്തിൽ ജീവനക്കാരുടെ എണ്ണം ക്രമീകരിക്കുന്നതിനും കാര്യക്ഷമത ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്):

(എ) വിവിധ കാരണങ്ങളാൽ പൊതുമേഖലാ സ്ഥാപനങ്ങൾ തകർച്ച നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പൊതുമേഖലാ സ്ഥാപനങ്ങളിൽ അംഗീകാരമുള്ള തസ്തികകളിൽ മാത്രമാണ് നിയമനങ്ങൾ നടത്താറുള്ളത്. എന്റർപ്രൈസസ് റിഫോംസ് കമ്മറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ചില പൊതുമേഖലാ സ്ഥാപനങ്ങളിൽ അധികമായി കണ്ടെത്തിയിട്ടുള്ള ജീവനക്കാരെ വി. ആർ. എസ്. പദ്ധതിയിൽപ്പെടുത്തി കുറവു ചെയ്തിട്ടുണ്ട്.

(സി) സ്വീകരിക്കുന്നുണ്ട്.

കശുവണ്ടി മേഖലയിൽ മിനിമം വേജസ് നടപ്പിലാക്കാൻ നടപടി

5 [*335] ശ്രീ. കോവൂർ കുഞ്ഞുമോൻ :

,, എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കശുവണ്ടി മേഖലയിൽ സ്വകാര്യ വ്യവസായികൾ മിനിമം വേജസ് പൂർണ്ണമായി നടപ്പിലാക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ):

(എ) കശുവണ്ടി വ്യവസായ ബന്ധസമിതി കൂടുന്ന അവസരത്തിൽ ഇത് സംബന്ധമായ പരാതി തൊഴിലുടമകളുടെ സാന്നിദ്ധ്യത്തിൽ യൂണിയൻ പ്രതിനിധികൾ ഉന്നയിച്ചിട്ടുണ്ട്.

(ബി) കശുവണ്ടി ഫാക്ടറികളിൽ തൊഴിൽ നിയമങ്ങൾ കർശനമായി നടപ്പിലാക്കുന്നതിന് ഊർജ്ജിതമായ പരിശോധനകൾ നടത്തുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട്. ഇതിനായി എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ സർക്കാർ പുനഃസംഘടിപ്പിച്ചിട്ടുണ്ട്. ടി സ്ക്വാഡുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിനും ശക്തിപ്പെടുത്തുന്നതിനും സർക്കാർ എൻഫോഴ്സ്മെന്റ് റിവ്യൂ കമ്മിറ്റിയും നിലവിലുണ്ട്. ഇതിൽ എൻഫോഴ്സ്മെന്റിന്റെ ചുമതലയുള്ള അഡീഷണൽ ലേബർ കമ്മീഷണറും ഉൾപ്പെടുന്നു. ഇവയുടെ പ്രവർത്തനഫലമായി ഇക്കാര്യത്തിൽ ഗണ്യമായ പുരോഗതി ഉണ്ടായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly